
**ST.GEMMAS G.H.S.S MALAPPURAM**

# KITES OF GEM`



little KITEs

# ST.GEMMA GALGANI



## GEM OF CHRIST

# ലിറ്റിൽ കൈറ്റ്സ്

അറിവിന്റെ വിശാലമായ ലോകത്തേക്കാണ് ലിറ്റിൽ കൈറ്റ്സ് ഓരോ വിദ്യാർത്ഥികൾക്കും വഴി തുറന്ന് തന്നത് ഓരോ കൈറ്റുകൾക്കും ആധുനിക സാങ്കേതികവിദ്യയുടെ വിസ്മയ ലോകമാണ് ലിറ്റിൽ കൈറ്റ്സ് കാഴ്ചവച്ചത്. കമ്പ്യൂട്ടർ യുഗമായ ഇക്കാലത്ത് സാങ്കേതിക വിദ്യയുടെ ഉപയോഗം ഒഴിച്ചു കൂടാനാവാത്തതാണ്. ഇതിലൂടെ IT മേഘലയുമായി കൂടുതൽ ബന്ധം സ്ഥാപിക്കാൻ ഓരൊ കൈറ്റിനും സാധിച്ചു. കമ്പ്യൂട്ടറുമായി ബന്ധപെട്ട മറ്റു പല ഉപകരണങ്ങളുടെ പൂർണമായ ഉപയോഗം എന്തെന്നും അവ എങ്ങനെ പ്രവർത്തിപ്പിക്കണമെന്നും ഈ സംരംഭത്തിലൂടെ എല്ലാ കൈറ്റ്സിനും മനസ്സിലാക്കാൻ സാധിച്ചു.
സകേതികവിദ്യ കൂടുതൽ ഉപയോഗപെടുത്തുന്ന ഈ കാലത്ത് സാങ്കേതികയെ കാര്യക്ഷമമായി ജിവിതത്തിൽ ഉപയോഗിക്കുന്നതിനുള്ള പരിശീലനം ഇതിനകം കൈറ്റുകൾക്ക് കിട്ടികഴിഞ്ഞു. ഓരൊ കൈറ്റിന്റെയും വിവിധ മേഘലയിലുള്ള കഴിവ് കണ്ടെത്തി തിരഞ്ഞെടുത്ത് പ്രത്യേകം ക്യാമ്പുകൾ നൽകി അവരുടെ കഴിവിനെ വളർത്തുന്നതിനും ഈ സംഘടനക്ക് സാധിച്ചു. ഓരൊ സ്കൂളുകൾക്കും Hi-Tech ആക്കുന്നതിൽ ലിറ്റിൽ കൈറ്റ്സിന്റെ പങ്ക് വളരെ വലുതാണ്. ലിറ്റിൽ കൈറ്റ്സിന്റെ ഭാഗമായി ഒട്ടേറെ കാര്യക്ഷമമായ പ്രവർത്തനങ്ങളിലൂടെ ഓരോ കൈറ്റിന്റേയും സാങ്കേതികപരമായ അറിവ് വളരുന്നു.
ഇത്തരത്തിൽ ഓരൊ വിദ്യാർത്തികളുടെ അറിവ് വളർത്തുന്നതിലൂടെ ഓരൊ വിദ്യാലയത്തിന്റെ , ഓരൊ പ്രദേശത്തിന്റെ ഒടുവിൽ ഒരു സമൂഹത്തിന്റെ വളർച്ചക്ക് തന്നെ ലിറ്റിൽ കൈറ്റസ് തുടക്കം കുറിച്ചിരക്കുകയാണ്.

# OUR SCHOOL




**ST.GEMMAS GIRLS HIGHER SECONDARY SCHOOL**
**MALAPPURAM**

# OUR HEADMISTRESS



**The LITTLE KITES of ST GEMMA'S GHSS have used their computer skills in the preparation of this E-MAGAZINE and worked hard for it. I wish them all the best and Congratulate them for their effort in preparing it. They have made use of computer technology for the preparation of this E- MAGAZINE. Children from 1st to 10th have contributed their valuable hand writing to this E-MAGAZINE. I am very proud those who work under this magazine. So, sincerely I wish them all the best of luck to the "KITES OF GEMS".**

**Sr.LOOSY K.V**

# ആമുഖം

സെന്റ് ജെമ്മാസ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിലെ 2019-20 അദ്ധ്യാന വർഷത്തിലെ **LITTLE KITES** അംഗങ്ങളാണ് **KITES OF GEM** എന്ന ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിട്ടുള്ളത്.കപ്യൂട്ടറിൽ മികച്ച കഴിവുകളുള്ള ഒരു കൂട്ടം വിദ്യാർത്ഥികളുടെ ഫലമാണ് **KITES OF GEM**.ഞങ്ങളുടെ വിദ്യാലയത്തിലെ കുട്ടികളുടെ സാംസ്കാരികപരമായും സാഹിത്യപരമായുമുള്ള കഴിവുകളാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

സെന്റ് ജെമ്മാസ് സ്കൂളിലെ **LITTLE KITES** അവരുടെ പരമാവധി കഴിവുകൾ ഇതിൽ പ്രകടമാക്കാൻ പരിശ്രമിച്ചിട്ടുണ്ട്.ഞങ്ങളുടെ ഈ എളിയ പ്രവർത്തനം വളരെ സന്തോഷപൂർവം നിങ്ങൾക്ക് പരിചയപ്പെടുത്തുന്നു.

സ്നേഹത്തോടെ.........

**KITES OF GEM..........**

# ഉള്ളടക്കം

1.എൻ പ്രണാമം.....................................9
2.ഉണ്ണിക്കണ്ണന്റെ പെൻസിലുകൾ................10
3.ഓണമായി.........................................12
4.ബാല്യം.............................................13
5.ചക്രവർത്തിയായ ആട്..........................14
6.അമ്മ നന്മ.........................................15
7.അക്ഷരദീപം.......................................18
8.സിംഹവും എലിയും..............................19
9.പെൺജ്വാല........................................20
10. മഴ വന്നു.........................................22
11.മഴ..................................................24
12.കുറുക്കനും കൊക്കും ...........................25
13.സൂര്യനും നാടോടിക്കാറ്റും....................28
14.കുപ്പായം..........................................29
15.കുഞ്ഞിപ്രാവ്......................................30
16.പൊൻവെട്ടം.......................................32
17.മഴ.................................................33
18.നന്മയുടെ പ്രതിഫലം.........................34
19.കാന കാന കാട്ടകത്ത്.......................36
20.മഴ വന്നു.........................................37
21.പ്രളയാഗ്നി........................................39
22. കേരള കണ്ണുനീര്..............................41
23.അവർ സമൂഹത്തില് വളരട്ടെ...............43

# ENGLISH

24.A MEMORABLE DAY OF CLARA.............46

25.FRIENDSHIP.......................................48

26.A RAINY DAY.......................................50

27.THE GREAT MERCHANT.........................52

28.TALENTS.............................................53





# എൻ പ്രണാമം

ജനമേകി നീ ജീവതോഴിയായി
തോഴിയായി നീ സ്നേഹാമൃതമായി
അമൃതാമറിവുമകറ്റി നീയാ
തരികയ്പ്പുമകറ്റി.
നിൻ ജന്മസാഫല്യമെല്ലാം അകറ്റി
എനിക്കായി എൻ ജീവനായി,
കരുതലിൻ കരവുമായിമെന്നുമുയരവേ
നിനക്കായി എൻ പ്രണാമം ഏകുന്നു,
അമ്മേ...

-റിയാ സണ്ണി
9-A

# ഉണ്ണികണ്ണന്റെ പെൻസിലുകൾ

ഉണ്ണികണ്ണൻ എന്നും രാവിലെ എഴുന്നേറ്റ് സ്കൂളിലേക്ക് പോകാൻ ഒരുങ്ങും. അവൻ എന്നും അവന്റെ ബോക്സിലെ രണ്ട് പെൻസിലുകളും കൂർപ്പിച്ച് സന്തോഷത്തോടെ സ്കൂളിലേക്ക് പോകും. അവൻ പെൻസിൽ കൊണ്ട് എഴുതുവാൻ തുടങ്ങി. അവന്റെ കൈയ്യിൽ ചുവപ്പും നീലയും പെൻസിൽ ഉണ്ടായിരുന്നു. ഒരു ദിവസം ചുവന്ന പെൻസിൽ ആലോചിച്ചു ഉണ്ണി അധികം എഴുതാൻ ഉപയോഗിക്കുന്നത് എന്താവും കാരണം? അവന് കൂർത്ത മുനയുള്ളത് കൊണ്ടാവാം. ചുവപ്പ് പെൻസിൽ കട്റിന്റെ അടുത്ത് പോയി ചോദിച്ചു "നീ എന്റെ മുന വലുതായി കൂർപ്പിച്ച് തരുമോ?" തരാം എന്ന് പറ ഞ്ഞ് കട്ർ കൂർപ്പിക്കാൻ തുടങ്ങി. ഇനിയും ഇനിയും എന്ന് ചുവപ്പ് പെൻസിൽ പിന്നെയും പറഞ്ഞുകൊണ്ടേയിരുന്നു. പിന്നെ മതി എന്ന് പറഞ്ഞ് ചുവപ്പ് പെൻസിൽ ബോക്സിലേക്ക് പോയി.കുറച്ച് കഴിഞ്ഞ് ഉണ്ണിക്കണ്ണൻ വന്ന്

ചുവപ്പ് പെൻസിൽ എടുത്ത് എഴുതുവാൻ തുടങ്ങി കുറേ മുനകൾ ഉള്ളതുകൊണ്ട് മുന ഒടിഞ്ഞു പോയി. അയ്യോ ഇനി എന്ത് ചെയ്യുമെന്ന് പറഞ്ഞ് ഉണ്ണികണ്ണൻ നീലപെൻസിൽ കൊണ്ട് എഴുതുവാൻ തുടങ്ങി. ചുവന്ന പെൻസിൽ ഒരു പാഠം പഠിച്ചു.

അലോണ ലിജോ

3-A


# ഓണമായി



പുഞ്ച നെൽ പാടവരമ്പത്ത്
ഓണക്കിളി വന്നു പാടുന്നു
ഓണമായോണനായോണമായി.
മാവേലിയെത്തുവാൻ നേരമായി
മഞ്ഞിച്ചിറ്റതറ്റുടുത്ത്
ഓണവെയിൽ നൃത്തംമാടുന്നു
കുട്ടികളോടിക്കളിക്കും
തൊടികളിലോണ
നിലാവു ചിരിക്കുന്നു
ഓരോ മുറ്റത്ത് ഓണപ്പൂക്കൾ
വർണ്ണം വാരിവിതറുന്നു.

-NANDINA
5-C

# ബാല്യം



ജീവിതമെന്നൊരു മായാകനവിലെ
അൻപിന്റെ കാലമാണെന്നും ബാല്യം.
മനസ്സിന്റെ താളുകളിലാരോകുറിച്ചിട്ട
സ്നേഹസംഗീതമാണെന്റെ ബാല്യം.

കുട്ടിക്കുറുമ്പുകൾ പൂക്കളം തീർത്തൊരാ
ഉമ്മറത്തിണ്ണതൻ തുടിയായ് ബാല്യം.
വിണ്ണിലെ താരകമോരോന്നും കണ്ണുകൾ
ചിമ്മുമ്പോൾ ഞാനോർക്കും എന്റെ ബാല്യം.

കുഞ്ഞുടുപ്പും നല്ല പട്ടുപ്പാവാടയും
മിട്ടുഞ്ഞാൻ സുന്ദരിയായ ബാല്യം.
മുക്കുറ്റിപ്പൂക്കളും നീലക്കുറിഞ്ഞിയും
എന്നോമൽ കൂട്ടുകാരായ ബല്യം.

കുന്നിൻപുറത്തിലും കാവിൻ നടയിലും
ഓടിക്കളിച്ചു നടന്ന ബാല്യം.
നിമിഷനേരം കൊണ്ട് മാഞ്ഞൊരു സ്വപ്നമായ്
ഹൃദയത്തിൽ അലയടിക്കുന്ന ബാല്യം.
കൗമാരമാകും ചിറകിൽ പറക്കുമ്പോൾ
ആയിരം ഓർമയാണെന്റെ ബാല്യം

-നിദ. സി. എച്ച്


# ചക്രവർത്തിയായ ആട്

പണ്ട് പണ്ട് ഒരു ആട് വഴിതെറ്റി കാട്ടിലെത്തി.കാട്ടിൽ നീലച്ച പച്ചപ്പ് കണ്ടപ്പോൾ ആട് അതിശയപ്പെട്ടു.കുറെ നേരം കളിച്ചു ആട് ക്ഷീണിച്ചു. അപ്പോഴാണ് ആട് ഒരു ഗുഹ കാണുന്നത്. അതിൽ ഇരിക്കാം. കുറച്ചു സമയം കഴിഞ്ഞു ഗുഹയുടെ ഉടമസ്ഥനായ സിംഹം എത്തി.പുറത്തു നിന്ന് സിംഹം അകത്തിരിക്കുന്ന ആടിന്റെ കാൽ അടയാളം കണ്ടു. മണ്ടനായ സിംഹം പേടിച്ചു."ആരാണ് എന്റെ ഗുഹയിൽ?"

സിംഹത്തിന്റെ ശബ്ദം കേട്ട ആടിന് ഒരു സൂത്രം തോന്നി. "നീ ആരാ ? ഞാൻ കാട്ടിലെ ചക്രവർത്തി".അതു കേട്ട സിംഹം ഓടി. ഇതെല്ലാം കണ്ട് കുറുക്കൻ നിൽക്കുന്നുണ്ടായിരുന്നു.കുറുക്കൻ ഗുഹയുടെ പുറത്തുനിന്നു നോക്കിയപ്പോൾ തന്നെ കുറുക്കൻ ആളെ മനസ്സിലായി. കുറുക്കൻ സിംഹത്തിന്റെ പിന്നാലെ ഓടി എത്തി.കുറുക്കൻ പറഞ്ഞു "രാജാവേ,രാജാവിന്റെ ഗുഹയിൽ ആടാണ്".

കുറുക്കൻ പറഞ്ഞത് സിംഹത്തിന് വിശ്വാസം വന്നില്ല. കുറുക്കൻ ഒരു വിദ്യ പറഞ്ഞു . കുറുക്കന്റെയും സിംഹത്തിന്റെയും വാല് തമ്മിൽ കൊട്ടി.ഗുഹയുടെ മുന്നിൽ നിന്ന് അവർ പറഞ്ഞു. ആട് പേടിച്ചു അപ്പോഴാണ് സിംഹത്തിന്റയും കുറുക്കന്റെയും വാല് കൊട്ടിയത് കണ്ടത്. സൂത്രം ഉപയോഗിക്കാം . കുറിക്കാ നീ സിംഹത്തെ കൊണ്ടുവന്നോ , പക്ഷേ , നീ കൊണ്ടു വന്ന സിംഹം ഈ ഗുഹയുടെ ഉടമസ്ഥനാണ് വരൂ വാ വാ അതു കേട്ടതും ഓടടാ ഒട്ടം രണ്ടു പേരും.

- അനന്യ 3A



## അമ്മ നന്മ

ചന്ദ്രനെനോക്കിയിട്ടമ്മ പറഞ്ഞു
ദാ അമ്പിളിമാമനെൻ ചങ്ങാതി
വേഗമീമാമുണ്ടു ചായുറങ്ങില്ലയേൽ
മാമനോ നിന്നോട് മിണ്ടുകില്ല

ആയിരം പാട്ടുകൾ പാടിയുറക്കുമെ
ന്നമ്മതൻ സുന്ദര സ്നേഹവായ്പ്പിൽ
നിദ്രയിലാണ്ടിടാൻ സ്വപ്നങ്ങൾക്കണ്ടിടാൻ
ആഗ്രഹിക്കുന്നു ഞാനേറെയേറെ

പിച്ചകവും നല്ല മുല്ലയും മുക്കുറ്റി
പൂക്കളും ചേർത്തൊരു മാലകോർക്കാൻ
അത്തത്തിൽ പത്തിലും മുറ്റത്തേരായിരം
പൂക്കൾ കൊണ്ടു കളങ്ങൾ തീക്കാൻ

എല്ലാത്തിനും അമ്മ എന്നെയും ചേർത്താരാ
കാലം മനസ്സിലിപ്പോഴുമുണ്ട്.
മറക്കാൻ കഴിയാത്ത ഓർമകളാണ് അവ
മനസ്സിൽ ഞാൻ സൂക്ഷിച്ചു വച്ചിട്ടുണ്ട്ച
തേച്ചുരച്ചന്നെ കുളിപ്പിച്ചതും നൂറു
കഥകൾ പറഞ്ഞു കളിപ്പിച്ചതും

മൂവാണ്ടൻ മാവിൽ നിന്നൊരുപാടു മാമ്പഴം
പറിച്ചെടുത്തെന്നെ കഴിപ്പിച്ചും
അമ്മതൻ സനേഹത്തണലിലിരുന്നിട്ട്
ബാല്യകാലങ്ങൾ ചിലവഴിച്ചു
ആ മാതൃവാത്സല്യം കിട്ടുവാൻ കൊതി
ക്കുന്നു ഇന്നും എന്നും ഞാനേറെയേറെ

നിദ 9-A



# പ്രവേശനോത്സവം




# അക്ഷരദീപം

അക്ഷരദീപം തെളിച്ച വന്നു
അറിവിൻ തിരികൾ കൊളുത്തിവന്നു
അക്ഷരമോരോന്നായി ചേർത്തുവച്ച
വായനാലോകത്തിൽ പിച്ചവച്ച
വായിച്ച ജീവിത്തിൽ വളരും
പുസ്തകലോകകം കീഴടക്കാം
ഔന്നിത്യമാർന്നവരായി മാറീടാം
വായനാജ്വലയായ് തീർത്തീടാം
അക്ഷരങ്ങളുമായി കൂട്ടുകൂടാം
എന്നുമേ വായന ശീലമാക്കാം
പിസ്തകലോകത്തിൻ ജാലകങ്ങൾ
വാനത്തിലേക്കങ്ങ് ഉയർത്തീടാം
വെളിച്ചമായി മാറുവാൻ വെളിച്ചമാകാൻ
വിളിക്കാം വായനായായി മാറുവാൻ
പ്രകാശിതരായി ജീവിച്ചീടാം
ആ പ്രകാശം പകർന്നു നൽകാം.

റിയ സണ്ണി
9A

# സിംഹവും എലിയും



ഒരു ദിവസം കുസൃതിയായ ചുണ്ടനെലി ചോലവനത്തിലൂടെ തുള്ളിച്ചാടി നടക്കുകയായിരുന്നു. അപ്പോഴാണ് ചുണ്ടനെലി ഒരു സിംഹത്തെ കണ്ടത് സിംഹം ഉറങ്ങിയെന്നു കരുതിയ ചുണ്ടനെലി സിംഹത്തിന്റെ പുറത്തുകയറി കളിക്കാൻ തുടങ്ങി. തന്നെ ഉറക്കത്തിൽ ആരോ ശല്യപ്പെടുത്തിയതിന്റെ ദേഷ്യത്തിൽസിംഹം നടുകുടഞ്ഞ് എഴുന്നേറ്റു. ചുണ്ടനെലി തെറിച്ചുവീണു. തന്റെ ദേഹത്തു കയറിയ എലിയെ സിംഹം കൊല്ലാൻ നോക്കി. പേടിച്ചരണ്ട ചുണ്ടനെലി സിംഹത്തോട് മാപ്പ് ചോദിച്ചു. സിംഹം എലിയെ വെറുതെ വിട്ടു ഇതിനു പ്രതിഫലമായി സിംഹത്തിനു ആപത്തുണ്ടായാൽ സഹായിക്കാമെന്നു എലി വാക്കു കൊടുത്തു. എന്നാൽ സിംഹം എലിയെ പരിഹസിച്ചു. അങ്ങനെയിരിക്കെ ഒരു ദിവസം സിംഹം വലയിൽ കുടുങ്ങി കിടക്കുന്നത് ചുണ്ടനെലി കണ്ടു. ഉടനെ തന്നെ അവൻ സിംഹത്തിനടുത്തെത്തി വല കടിച്ചു പൊട്ടിച്ച് സിംഹത്തെ രക്ഷിച്ചു. അന്ന് താൻ പരിഹസിച്ച തന്നെ രക്ഷിച്ചതെന്നു സിംഹത്തിനു മനസ്സിലായി. സിംഹം എലിയോട് നന്ദി പറഞ്ഞു എലിയെ പരിഹസിച്ചതിനു തനിക്കു മാപ്പു നൽകണമെന്നും പറഞ്ഞു.

**നിവേദിത കെ.ട്ടി**

**3.A**

# പെൺജ്വാല

ജ്വാലയായി പെയ്ത നനഞ്ഞിറങ്ങുന്ന

പെൺകിടാക്കൾ, കൊച്ചു പെൺകിടാങ്ങൾ,

വീട്ടുമുറ്റത്ത് കളിച്ചുനടന്നൊരാ

ഭാവി തൻ വാഗ്ദാനമാം പെൺകൊടികൾ.

അമ്മ തൻ കൂടെ പണിയെടുത്ത്

അച്ഛന്റെ തോഴയായി, പൊന്നാമ്പലായി

കൂട്ടരുമായി കളിച്ചു നടന്നവർ

കുടുംബത്തിനുള്ളിൽ പ്രകാശിതരായവർ.

വിദ്യാലയത്തിൻ യശസ്സുയർത്തിയവർ,

പഠിച്ചു പഠിച്ചു കൊടി പാറിച്ചവർ,

അദ്ധ്യാപകർ തൻ പ്രിയ ശിഷ്യരായവർ,

സമൂഹത്തിൻ മുമ്പിൽ ജ്വാലയായിത്തീർന്നവർ.

പൊടുന്നനെ വ്യാളി തൻ രൂപത്തിലെത്തിയ

കാമക്രോധർക്കു ചാവേറുകളായി

തൻ ജീവിതം എച്ചിൽ പാത്രമാക്കാൻ

വന്ന പിശാചിന്റെ മുമ്പിൽ അകപ്പെട്ടുപോയ്.
സിരകൾ തിളയ്ക്കുന്ന എതിരേൽക്കുവാൻ
വിരലുകൾ പൊങ്ങുവാൻ തുനിഞ്ഞ നേരം
“വച്ചിടുകില്ല നിങ്ങളെ” എന്ന വാക്കിന്റെ
മുമ്പിൽ വിരട്ടിയാ ജ്വാല കെടുത്തുന്നു.
എത്രയോ നൊമ്പരങ്ങൾ മാഞ്ഞുപോയി
എത്രയോ സ്വപ്നങ്ങൾ വിസ്മൃതിയിലാണ്ടു
ഒരു കുഞ്ഞ് പോലും പൊഴിയുവാൻ പാടില്ല,
എന്നിലൂടെയവർക്ക് ഞാൻ നീതി പകരും.
ഉള്ളിലത് നീറി തീപൊരിയായ് വളർന്നു
ജ്വാലയായ് പടർന്നിറങ്ങി
ആ ജ്വാലയിൽ കാട്ടാളരെ ദഹിപ്പിച്ചു
വാഴില്ലൊരിക്കലും ഇനിയീ പിശാചുക്കൾ
കൊഴിയില്ലൊരിക്കലും ഒരു തളിരില പോലും
വാടില്ലൊരിക്കലും ഒരു പൂവ് പോലും
ജ്വാലയായെങ്ങും നന്മ പടർന്നിറങ്ങി
ആ ജ്വാലയിൽ ഭൂമി ശ്വേതോമയമായി.

**-RIYA SUNNY 9-A**

# മഴ വന്നു

**മഴ മഴ മഴ മഴ മഴ വന്നേ**
**ചെറുമഴ പെരുമഴ മഴ വന്നേ**
**തവളകൾ പേക്രോം പേക്രോം**
**മീനുകൾ തുള്ളിച്ചാടി**
**പൂക്കളെല്ലാം ലാ ലാ ലാ**
**മഴ മഴ മഴ മഴ മഴ വന്നേ**
**ചെറുമഴ പെരുമഴ മഴ വന്നേ**
**തവളകൾ പേക്രോം പേക്രോം**
**മീനുകൾ തുള്ളിച്ചാടി**
**പൂക്കളെല്ലാം ലാ ലാ ലാ**
**മഴ മഴ മഴ മഴ മഴ വന്നേ**
**ചെറുമഴ പെരുമഴ മഴ വന്നേ......**

**നദ മുഹമ്മദ്**
**3-a**

# കലോത്സവം

















# മഴ

തൂള്ളി തുള്ളി ചാടീടും
പുതുമഴ പവിഴമഴ
തിതെയ്യ് തിതെയ്യ് കളിച്ചീടും
പുതുമഴ പവിഴമഴ
കാറ്റത്തുഞ്ഞാലാടീടും
പുതുമഴ പവിഴമഴ
മഴയിൽ കളിക്കാൻ വന്നാട്ടെ
കൂട്ടരെ മഴയിൽ കളിക്കാൻ വന്നാട്ടെ

ആവണി പ്രസാദ്


3A

# കുറുക്കനും കൊക്കും

കുറുക്കനും കൊക്കും നല്ല സുഹൃത്തുക്കളായിരുന്നു. കൊക്കിന്റെ പിറന്നാൾ അടുത്തെത്തി. കൊക്ക് കുറുക്കനെ പിറന്നാളിന് ക്ഷണിച്ചു. കുറുക്കൻ അത് സ്വീകരിച്ചു. പിറന്നാൾ വന്നെത്തി. കുറുക്കൻ പിറന്നാളിന് പോയി. കൊക്ക് മൺകുടത്തിൽ നല്ല സ്വാദുള്ള ഭക്ഷണം കുറുക്കന് നൽകി. കൊക്ക് സ്വാദോടെ ഭക്ഷണം കഴിച്ചു. കുറുക്കന് മൺകുടത്തിൽ കഴിക്കാൻ പറ്റില്ല. കുറുക്കന് ദേഷ്യം വന്നു. കുറുക്കൻ ഒന്നും കഴിക്കാതെ കൊക്കിനോട് വിട പറഞ്ഞ് പോയി. കുറുക്കന്റെ പിറന്നാൾ അടുത്തെത്തി. കുറുക്കൻകൊക്കിനെ ക്ഷണിച്ചു. കൊക്ക് അത് സ്വീകരിച്ചു. കൊക്ക് കുറുക്കന്റെ പിറന്നാളിന് പോയി. കുറുക്കന് ഭക്ഷണം പരന്ന പാത്രത്തിൽ കൊടുത്തു. കുറുക്കന്സ്വാദോടെ ഭക്ഷണം കഴിച്ചു. കൊക്കിന് അത് കഴിക്കാൻ സാധിച്ചില്ല. കൊക്ക് പറഞ്ഞു "ഞാൻ നിനക്ക് മൺകുടത്തില് ഭക്ഷണം തരാൻ പാടില്ലായിരുന്നു. എന്നോട് നീ ക്ഷമിക്കണം. " കുറുക്കന്റെ ദേഷ്യം മാറി. അവർ വീണ്ടും സുഹൃത്തുക്കളായി.

-നിരഞ്ജൻ. പി

III-A




**“HAPPINESS IS WHAT YOU THINK, WHAT YOU SAY, AND WHAT YOU DO ARE IN HARMONY”.**

# ബാന്റ് മേളം






ചന്ദ്രിക

## മേലാറ്റൂരിൽ മിഴിയഴക്

### ബാന്റ് മേളത്തിൽ കുത്തക കൈവിടാതെ സെന്റ് ജമ്മാസ്

### വരയിൽ വർണ വിസ്മയം തീർത്ത് ആർദ്ര


## അമ്പിളിച്ചന്തത്തിൽ സെന്റ് ജമ്മാസ്



# സൂര്യനും നാടോടിക്കാറ്റും

ഒരു ദിവസം സൂര്യനും ഒരു നാടോടിക്കാറ്റും തർക്കമുണ്ടായി. ആരാണ് കൂടുതൽ ശക്തിമാൻ എന്നാണ് കാര്യം. സൂര്യൻ ശക്തിമാനാണ്.അതേസമയം ബുദ്ധിമാനുമാണ്.കാറ്റ് ശക്തിമാനാണ്.അതേ സമയം മണ്ടനുമാണ്.അപ്പോൾ ഒരാൾ അതുവഴി പോകുന്നത് സൂര്യൻ കണ്ടു.സൂര്യൻ കാറ്റിനോട് ചോദിച്ചു,നിനക്ക് ഇയാളുടെ കുപ്പായം ഊരാൻ കഴിയുമോ?കാറ്റ് കഴിയുമെന്ന് പറഞ്ഞുകോണ്ട് ശ്വാസം നന്നായി ഉള്ളിലെക്ക് വലിച്ച് ഊതാൻ തുടങ്ങി.കാറ്റ് എത്ര ഊതിയിട്ടും അയാൾ കുപ്പായം ഊരിയില്ല. അപ്പോൾ സൂര്യൻ പ്രകാശിച്ചു. അപ്പൊൾ സൂര്യന്റെ ചൂട് കാരണം അയാൾ അയാളുടെ കുപ്പായം ഊരി.അതു കണ്ടപ്പോൾ കാറ്റ് ചമ്മിയ ഭാവത്തിൽ നിന്നു.

ആദർശ് ടി

3A



# കുപ്പായം

കാക്കക്കുണ്ടൊരു കുപ്പായം

കറുത്ത കുപ്പായം

തത്തക്കുണ്ടൊരു കുപ്പായം

പച്ച കുപ്പായം

കൊക്കിനുമുണ്ടൊരു കുപ്പായം

വെള്ള കുപ്പായം

എനിക്കുമുണ്ടൊരു കുപ്പായം

ചുവപ്പ് കുപ്പായം

നിവേദിത.കെ.ട്ടി

*3-A*

# കുഞ്ഞിപ്രാവ്



ഒരു സ്ഥലത്ത് കുഞ്ഞിപ്രാവും അമ്മയും താമസിച്ചിരുന്നു.ഒരു ദിവസം കുഞ്ഞിപ്രാവും അമ്മയും നാ ട്ടുച്ചുറ്റാനിറങ്ങി.പാറി...പാറി...അവർ തളർന്നു.ഒരു മരത്തിലിരുന്നു.അപ്പോഴാണ് കുഞ്ഞിപ്രാവ് ഒരു കാഴ്ച കണ്ടത്.ഒരു വലയിൽ കുറച്ച് നെല്ലുകൾ കിടക്കുന്നു.അമ്മയുടെ വാക്കുകൾ കേൾക്കാതെ കുഞ്ഞിപ്രാവ് നെല്ലുകൾ തിന്നാൻ ഒരുങ്ങുകയായിരുന്നു.അപ്പൊഴാണ് ഒരുകൂട്ടം പ്രാവുകൾ നെല്ല് തിന്നാനായി വന്നത്.അപ്പൊഴാണ് ആ പ്രാവുകൾ വലയിൽ കുടുങ്ങിയത്.അപ്പൊൾ ഒരു വേടൻ  ആ വലയെടുത്തുകൊണ്ടു പോയി.അതുകണ്ടുനിന്ന കുഞ്ഞിപ്രവിനു ഒരു കാര്യം മനസ്സിലായി.മൂത്തവർ പറയുന്നത് നമ്മൾ അനുസരിക്കണം.

-അഷിത ബാബു

**3A**

# ലഹരി വിരുദ്ധ ദിനം


ലഹരി ഒഴിവാക്കൂ
സമൂഹത്തെ രക്ഷിക്കൂ
ലഹരി വിരുദ്ധ റാലി
ലഹരിവിരുദ്ധ ക്ലബ്ബ്
ST.GEMMA'S G.H.S.S MALAPPURAM





NO ALCOHOL
PAST THIS POINT

# പൊൻവെട്ടം

വെട്ടം വെട്ടം പൊൻവെട്ടം
കിഴക്കുദുക്കും പെൻവെട്ടം
വെട്ടം വെട്ടം പൊൻവെട്ടം
കിഴക്കുദിക്കും പെൻവെട്ടം
മർത്യനെ ഉണർത്തും പൊൻവെട്ടം
വെട്ടം വെട്ടം പൊൻവെട്ടം
നിത്യവുമെത്തും പെൻവെട്ടം
വെട്ടം വെട്ടം പൊൻവെട്ടം
മെയ്യഴകുള്ളൊരു പൊൻവെട്ടം.

നിരഞ്ജൻ
***3a***

# മഴ



പെയ്യട്ട്ങ്ങനെ പെയ്യട്ടെ...

ചറപറചറപറ പെയ്യട്ടെ...

വീഴട്ടങ്ങനെ വീഴട്ടെ...

മാനത്തെന്നും മുത്തുഴ

മഴ പെയ്യുന്നേ... മഴ പെയ്യുന്നേ...

മലയുടെ മുകളിൽ മഴ പെയ്യുന്നേ...

ഇടി വെട്ടുന്നു...

കാറ്റടിക്കുന്നു...

മഴ പെയ്യുന്നു...

നാട്ടിൽ ആകെ പൊടി പൂരം

-അലോന ലിജോ. എ. എൽ

***III-A***

# നന്മയുടെ പ്രതിഫലം

പണ്ട് പണ്ട് ഒരു ഗ്രാമത്തിൽ ഒരു അമ്മയും രണ്ട് പെൺമക്കളും_ താമസിച്ചിരുന്നു.മൂത്ത മകൾ നീന.രണ്ടാമത്തെ മകൾ റീന.ധാരാളം പണം ഉണ്ടായിരുന്ന അവർ രാജകീയമായിട്ടായിരുന്നു ജീവിച്ചിരുന്നത്.ഒന്നിനും ഒരു കുറവുമുണ്ടായുരുന്നില്ല.പക്ഷെ നീന ഒരു അഹങ്കാരിയായിരുന്നു.അമ്മ അവളെ പല പ്രാവശ്യം ഉപദേശിച്ചിട്ടും  അവൾ നന്നായില്ല .എന്നാൽ റീന സൽസ്വഭാവിയായിരുന്നു.എല്ലാവരെയു സഹായിക്കുകയും ചെയ്യുമായിരുന്നു.

അങ്ങനെയിരിക്കെ ഒരു ദിവസം വൈകുന്നേരം ഒരു വൃദ്ധൻ അവരുടെ വീട്ടിലെത്തി.നല്ല മഴയുണ്ടായിരുന്നതിനാൽ അയാൾ വിറയ്ക്കുന്നുണ്ടായിരുന്നു.വൃദ്ധനെ കണ്ടപാടെ നീന അദ്ദേഹത്തോടു അവിടെ നിന്നും ഇറങ്ങിപോകാൻ പറഞ്ഞ് ശകാരിച്ചു.ബഹളം കേട്ട് റീന അവിടെയെത്തി.വൃദ്ധനെ കണ്ട് അവൾക്ക് അലിവു തോന്നി.അവൾ ആ വൃദ്ധനെ വിളിച്ചിരുത്തി ഭക്ഷണം നൽകുകയും ചെയ്തു.വൃദ്ധൻ ഭക്ഷണം കഴിച്ച് കഴിഞ്ഞപ്പോഴേക്കും നേരം വളരെ ഇരുട്ടിയിരുന്നു.മഴ ശക്തിയിൽ പെയ്യാനും തുടങ്ങിയിരുന്നു.ഇതു കണ്ട വൃദ്ധൻ അവിടെ താമസിക്കാൻ റീനയോടു അനുവാദം ചോദിച്ചു.റീന ഓടിപ്പോയി അമ്മയോടു പറഞ്ഞ് വൃദ്ധന് അവിടെ താമസിക്കാൻ സൗകര്യം നൽകുകയും ചെയ്തു.അങ്ങനെ പിറ്റേന്ന് എഴുന്നേറ്റു നോക്കിയപ്പോൾ ആ വൃദ്ധനെ അവിടെയെങ്ങും കണ്ടില്ല.ഒരു മുഴിഞ്ഞ പുതപ്പ് മാത്രം അവിടെ കിടപ്പുണ്ടായിരുന്നു.ഇതു കണ്ട നീന മൂക്കിപൊത്തി അവിടെ നിന്നും പോയി.പക്ഷെ റീന അപ്പോഴും ആലോചിച്ചത് ഈ പുതപ്പില്ലാതെ ഇത്രയും കൊടു തണുപ്പിൽ ആ വൃദ്ധൻ എങ്ങനെ പോയി എന്നതാണ്. എന്തായാലും ഈ പുതപ്പ് അന്വേഷിച്ച് അയാൾ വീണ്ടും വരുമായിരിക്കും .അപ്പോൾ ഈ പുതപ്പിനു പകരം പുതിയ പുതപ്പ്  കൊടുക്കണമെന്നും റീന മനസ്സിലുറപ്പിച്ചു. എന്നാൽ അതൊരു മാന്ത്രിക പുതപ്പാണെന്ന് അവർ അറിഞ്ഞില്ല. റീന പതിയെ ആ പുതപ്പ് എടുത്തു കുടഞ്ഞു.അപ്പോൾ അതിൽ നിന്നും എന്തോ ചാടിയ ശബ്ദം കേട്ട് നീനയും റീനയും താഴേക്ക് നോക്കി. ഒരു സ്വർണ നാണ്ണയം നിലത്ത് കിടക്കുന്നതു കണ്ട്  അവർ അത്ഭുതപ്പെട്ടു.പെട്ടെന്ന് നീന അത് കൈവശപ്പെടുത്തി. അന്യരുടെ സാധനം കൈവശപ്പെടുത്തുന്നത്  നല്ലതല്ല

**ചേച്ചി എന്ന്  റീന പറഞ്ഞെങ്കിലും അവൽ അത് ചെവി കൊണ്ടില്ല. എന്തായാലും ആ വൃദ്ധൻ വന്നാൽ പുതപ്പ് കൊടുക്കണമെന്ന് പറഞ്ഞ് റീന ഒന്നുകൂടെ പുതപ്പ് കുടഞ്ഞു. അതാ വീണ്ടും സ്വർണ്ണ നാണയം വീഴുന്നു. ഇതു കണ്ട നീന ഇതൊരു മാന്ത്രിക പുതപ്പാണെന്ന് മനസ്സിലാക്കി അത് കൈവശപ്പെടുത്തി. എന്നിട്ട് അവൾ അറപ്പോടു കൂടി പുതപ്പ് കുടഞ്ഞ് നോക്കി.പക്ഷെ അതിൽ നിന്നും ഒന്നും തന്നെ വീണില്ല. നീന ദേഷ്യത്തോടെ ആ പുതപ്പ് ദൂരെ കളഞ്ഞു. ഇതു കണ്ട് റീന ഓടിപ്പോയി ആ പുതപ്പ് ഒരു മടിയും കൂടാതെ എടുത്തു.എന്നിട്ട് ഒന്നു കൂടെ കുടഞ്ഞു നോക്കി.വീണ്ടും അതാ സ്വർണ്ണനാണയം വീഴുന്നു.ഇതു കണ്ട നീന അത്ഭുതത്തോടെ റീനയെ നോക്കി. അപ്പോൾ അവിടെ ഒരശരീരി കേട്ടു.അവർ അത് ശ്രദ്ധിച്ചു.'' മനസ്സിൽ നന്മയുള്ളവർ ആ പുതപ്പ് കുടഞ്ഞാൽ അതിൽ നിന്ന് സ്വർണ്ണ നാണയം ലഭിക്കും .അല്ലാത്തവർക്ക് അതിൽ നിന്നും ഒന്നും ലഭിക്കുകയില്ല.'' ``നന്മയുള്ള കുട്ടികളായി വളർന്നാൽ അവർക്ക് വൈകിയാണെങ്കിലും അതിന്റെ പ്രതിഫലം ലഭിക്കും''. അതായിരുന്നു അശരീരി.**

FATHIMA SHAZA
***5-B***

# കാനകാന കാട്ടകത്ത്

കാനകാന കാട്ടകത്ത്
വേരില്ലാത്ത നാന്നിമൂട്ടിൽ
കാലില്ലാത്ത മാങ്കളിപ്പന
കണ്ണില്ലാത്ത വേടൻ കണ്ടു
ഞാണില്ലാത്ത വില്ലെടുത്ത്
കൂരില്ലാത്തൊരമ്പുകൊണ്ട്
മെയ്യില്ലാത്ത ലാക്കയൂന്നി
കയ്യില്ലാത്ത വേടനെയ്തു
മനിനം മുറിന്തതില്ലേ
തോലിനം മുറിഞ്ഞില്ലേ
കാനകാന കാട്ടകത്ത്

-ശ്രീ ലക്ഷ്മി സായികുമാർ

4-A

# മഴ വന്നു

**മഴ മഴ മഴ മഴ മഴ വന്നേ**
**ചെറുമഴ പെരുമഴ മഴ വന്നേ**
**തവളകൾ പേക്രോം പേക്രോം**
**മീനുകൾ തുള്ളിച്ചാടി**
**പൂക്കളെല്ലാം ലാ ലാ ലാ**
**മഴ മഴ മഴ മഴ മഴ വന്നേ**
**ചെറുമഴ പെരുമഴ മഴ വന്നേ**
**തവളകൾ പേക്രോം പേക്രോം**
**മീനുകൾ തുള്ളിച്ചാടി**
**പൂക്കളെല്ലാം ലാ ലാ ലാ**
**മഴ മഴ മഴ മഴ മഴ വന്നേ**
**ചെറുമഴ പെരുമഴ മഴ വന്നേ......**

**നദ മുഹമ്മദ്**
**3-a**

KITES OF GEM

# പ്രളയം









# പ്രളയാഗ്നി

മേഘത്തെ വിട്ടു പിരിയാൻ മഴത്തുള്ളിക്ക് ഒട്ടും ഇഷ്ടമുണ്ടായിരുന്നില്ല. കളിത്തോഴനായ കാറ്റു വന്ന് വിളിച്ചപ്പോഴും ഒന്നും മിണ്ടിയില്ല. മുഖം കറുപ്പിച്ച് അവനെ ഒന്നു നോക്കി.

"ഹും...ഭൂമിയിലെത്തിയാൽ ഞാൻ ചിന്നിച്ചിതറും."

ഭൂമിയിലേക്കുള്ള യാത്രയിൽ അവൾ ചുറ്റും ഒന്ന് നോക്കി. അത് കഴിഞ്ഞ കാലത്തിന്റെ ഓർമ്മകളിലേക്കുള്ള വാതിൽ തുറന്നു.

സുന്ദരമായ ശൈശവം...മേഘത്തിന്റെ തോളിൽ കയറി കണ്ട കാഴ്ചകൾ...ഉയരങ്ങളിൽ നിന്ന് ഉയരങ്ങളിലേക്ക്...

ഹും...ഇപ്പോൾ വളർന്നു പോയത്രേ...വളർന്നാൽ പിന്നെ മാനത്ത് സ്ഥാനം ഇല്ല. അതാണ് നിയമം...സ്വന്തം മകൾ ആയാലും...ഉടൻ ഭൂമിയിലേക്ക് അയയ്ക്കണം.

ഓരോ തുള്ളിയും ഓരോ തീപ്പൊരികളാണ്... തുള്ളികൾ പെരുകിപ്പെരുകി പ്രളയം ആകുന്നതുപോലെ
തീപ്പൊരികൾ പെരുകി ആളിക്കത്തുന്ന അഗ്നിയാകും.

മേഘം...എല്ലാം കാണുന്നവൻ...പറയാറുണ്ട്....!

"മനുഷ്യൻ ഏറെ മാറിപ്പോയി...സ്വാർത്ഥതയും,പകയും,വിദ്വേഷവും,കുരുട്ടുബുദ്ധിയുമൊക്കെച്ചേർന്ന് മനുഷ്യൻ പ്രകൃതിചൂഷകനായി."

മനുഷ്യൻെ അശാസ്ത്രീയമായ കൈകടത്തൽ മൂലം അവന്റെ സഹോദരങ്ങളായ മറ്റു ജീവിവർഗ്ഗങ്ങൾക്കും ഇരിക്കപ്പൊരുതി ഇല്ലാതായി.പ്രക്രതിയുടെ സന്തുലിതാവസ്ഥ താളംതെറ്റി..."

"ഭൂമിദേവിയ്ക്ക് ഇവരുടെ മനസ്സുമാറ്റി നല്ലവരാക്കണമെന്നുണ്ട്. ആദ്യം അതിനായി സർവംസഹയായ പ്രകൃതീമാതാവ് നമ്മെ

ആണ് ചുമതലപെടുത്തിയിരിക്കുന്നത്.എല്ലാ തുള്ളികളും മനുഷ്യനെതിരെയുലള്ള ഓരോ ആയുധങ്ങളാണ്;പ്രകൃതിയുടെ കണ്ണീരാണ്.അവ വെറും തുളളികളല്ല;അസഹനീയമായ തരത്തിൽ അവയ്ക്ക് ഭാരമുണ്ട്. പ്രകൃതിയുടെ പ്രതീകമായി;പ്രകൃതിയുടെ വികാരങ്ങളെ പ്രതിനിധീകരിച്ച് നിങ്ങൾ, തുള്ളികൾ ഭൂമിയിലേക്ക് പോകേണ്ടതുണ്ട്...."

പോവുക തന്നെ....

ദുഷ്ടനായ മനുഷ്യനെതിരെ ചിലപ്പോൾ ഒരു പ്രളയമായി മാറാൻ കഴിഞ്ഞേക്കും...പ്രളയാഗ്നി സ്ഷ്ടിക്കാൻ സാധിച്ചേക്കും...

അതേ... കുതിക്കട്ടെ...

ഭൂമിയിലേക്ക് തന്നെ കുതിക്കട്ടേ.....

**-നീരജ. എൻ.നമ്പൂതിരി**

***9 A***

# കേരള കണ്ണുനീർ

പുലരിതൻ മൂളിപ്പാട്ടുമായ്
കുരുവികൾ കൂടി ചേർന്നു
അന്നത്താഴനേരത്ത് ആരോരുമറിയാതെ
വന്നോരാ പേമാരിതൻ
കണ്ണീരൊപ്പുന്ന കേരളം

മനുഷ്യർ സൃഷ്ടിച്ചു
മനുഷ്യർ തന്നെ അനുഭവിച്ചു

കണ്ണീരൊപ്പുന്നവർത്തന്നെ....
കൊണ്ടുപോയി പേമാരി

മനുഷ്യർ തൻ സ്വപ്നങ്ങളെ
കുരുവികളെ നിങ്ങൾ പാടൂ

ഇനി വേണ്ടൊരു ദുരന്തം
ഒറ്റക്കെട്ടായ് വരൂ....പ്രകൃതിയെ സംരക്ഷിക്കാം
കേരള കണ്ണീർ ഒപ്പാം.....

-VAISHNAVI
6-B

# ELECTION











# അവർ സമൂഹത്തിൽ വളരട്ടെ.....

മാവേലിയുടെ വരവ് കണ്ടുക്കൊണ്ടാണ് അപ്പു ഉറക്കത്തിൽ നിന്ന് എഴുന്നേറ്റത്.എഴുന്നേറ്റപ്പോൾ തന്നെ വീട്ടിൽ ആകെ മൊത്തം ബഹളമയമായിരുന്നു.അവൻ കണ്ണുതിരുമ്പി മുറ്റത്തേയ്ക്ക് വന്നു നോക്കിയപ്പോൾ ചേച്ചി പൂക്കളമിട്ട് കൊണ്ടിരിക്കുകയായിരുന്നു.ഓണമായത് കൊണ്ടാവാം വീട്ടിൽ എല്ലാവരുമുണ്ട്.അജു വേഗം കുളിച്ച് ഓണക്കോടിയും ധരിച്ച് അവൻ വീട്ടിൽ നിന്നിറങ്ങി.ഇത്തവണ അപ്പൂപ്പന്റെ വകയായിരുന്നു ഓണക്കോടി.

അപ്പു പോയത് ആദമിന്റെ വീട്ടിലേക്കായിരുന്നു.വയലിന്റെ അപ്പുറത്ത് തെങ്ങുകളും പനകളും മാവുകളും എല്ലാം ചുറ്റപ്പെട്ടിട്ടുള്ള ഒരു കൊച്ചു വീട്.

'ആദം.....'

അല്ല....,ഇതാരാ......അപ്പുവോ....,,ആദമിന്റെ ഉമ്മ ചോദിച്ചു.

എവിടെ വരെയെത്തി അപ്പൂ ഓണാഘോഷമൊക്കെ....?

പൂക്കളമൊക്കെയിട്ട കഴിഞ്ഞോടാ...

അതൊക്കെ ചേച്ചി ഇടുന്നുണ്ട് ഉമ്മാ.....

ആദമിന്റെ വീട്ടിലും അന്ന് പൂവിട്ടിരുന്നു.

ആദമും തന്റെ ഓണക്കോടിയുമെടുത്ത് അപ്പുവിനൊപ്പം അവിടെ നിന്നിറങ്ങി. പിന്നീട് അവർ പോയത് അലന്റെ വീട്ടിലേക്കായിരുന്നു.അലനും കോടിയുമൊക്കെയുടുത്ത് കുടുംബത്തോടൊപ്പം പൂക്കളമിടുന്ന തിരക്കിലായിരുന്നു.അവനെയും വീട്ടിൽ നിന്ന് കൂട്ടി.മാവേലിയെ കാണാൻ ഉള്ള ആകാംക്ഷയോണ്ടോയെന്ന് അറിയില്ല അവർ ഗ്രാമം മുഴുവൻ പൂമ്പാറ്റകളെ പോലെ പാറിപ്പറന്നു നടന്നു.

"ദൂരെ അതാ........

ചെണ്ടമേളത്തിന്റെയും ഇലത്താളത്തിന്റെയും ആഹ്ലാദതിമർപ്പിന്റെയും

ശബ്ദങ്ങൾ മൂവരും കേട്ടു.ആ ശബ്ദങ്ങൾക്ക് കാതോർത്ത് അവർ ഓടി.

അതാ....വരുന്നു.......മാവേലി......അവർ ഒരേ ശബ്ദത്തോടെ പറഞ്ഞു.

**അപ്പുവിനേക്കാൾ അത്ഭുതത്തോടെ മാവേലിയെ നോക്കി നിന്നത് ആദമും അലനുമാണ്.അവർക്ക് എന്തന്നില്ലാത്ത സന്തോഷം തോന്നി.മൂവർക്കും ഒരാഘോഷം തന്നെയായിരുന്നു.ഇത്തവണത്തെ ഓണസദ്യ അലന്റെ വീട്ടിലായിരുന്നു.രണ്ടുത്തരം പായസം അടക്കമുള്ള ഗംഭീരമായ സദ്യ....പിന്നെ കളികളെല്ലാം ആദമിന്റെ വീട്ടിൽ.....വടംവലി,ഉറിയടി,കണ്ണുപ്പൊത്തികളി എന്നിങ്ങനെ പലത്തരം കളികളിൽ അവർ മുഴുകി.സന്ധ്യയായപ്പോൾ അപ്പു തന്റെ വീട്ടിലേക്ക് തന്നെ മടങ്ങി.രാത്രിയായപ്പോൾ കിടക്കാനായി കിടന്ന അപ്പുവിനെ വിളിച്ചിട്ട് അച്ഛൻ പറഞ്ഞത് ഇങ്ങനെ:അപ്പൂ...നീ ഇനി അവന്മാരുടെ കൂടെയൊന്നും കളിക്കണ്ടട്ടോ...അവർ വേറേ ജാതിക്കാരല്ലേ...പോരാത്തതിന് ആചാരങ്ങളും വേറേ.അച്ഛാ....എനിക്ക് അവർ എന്റെ ഉറ്റ സുഹൃത്തുക്കളാണ്.ഞങ്ങൾക്കിടയിൽ ജാതിയോ,മതമോ ഒന്നും ഒരു പ്രശ്നമല്ലയെന്നും പറഞ്ഞ് അവൻ കിടകികാൻ പോയി. ഇന്നത്തെ ദിവസം മുഴുവൻ ആലോചിച്ച് അയവർത്തു.അവന്റെതായ സ്വപ്നങ്ങളുടെ ലോകത്തേയ്ക്ക് അവൻ പോയി.ഉണർന്നത് ജാതി,മതമൊന്നു ഇല്ലാത്ത മനുഷ്യൻ എന്ന ഒറ്റ മതത്തിൽ ഉള്ള സമൂഹത്തെ ഉണർന്നു കാണുവാനായി.**

**- അനന്യ രവി പാണക്കാട്ട്**
**9-A**

KITES OF GEM

# ENGLISH

# A MEMORABLE DAY OF CLARA

**It was a warm morning , Clara woke up from her bed . She was much excited and opened the window to welcome the cool breeze into her room. And when she looked through the window she saw a terrible sight a little bird has been fallen from it's nest and Clara's neighbour's naughty cat is trying to catch it. Without thinking for a moment , in a great hurry Clara ran to rescue the little bird. She took it in her hands and put it back to it's nest on the branch of the cherry tree and she shook the cat away. After that when she looked up to the nest. She saw that the mother bird of little bird has arrived after collecting food for her baby . The mother bird and little bird looked at Clara thankfully. And by seeing Clara's heart filled with pride and joy. And after that she went for her morning walk, at the road side she saw a blind lady trying to cross the road. And no one was even trying to help her. By seeing this Clara felt pity on her and helped her to cross the road, after that she saw an unconditional joy in the face of that poor blind women. The blind women gave a sweet candy to Clara and whispered like this " Dear child I will remember you forever, I don't know what's your name but I will call you 'ANGEL' because god has created you to help other" . By hearing the words of blind women Clara's eyes filled with tears of happiness. And now she realized it's**

**time for her to go back to home. But suddenly it started raining heavily. When she saw that she said to herself "Thank God", I had took umbrella the climate is unpredictable . As it was raining she was in a great hurry to go back to home . But on her way back she saw a pity sight an old man was standing in without umbrella. She felt pity and gave him her umbrella. The old man thanked her for her act of kindness. She also smiled at him .And she resumed her journey it was still raining heavily. And finally she reached her home .She was completely wet and her mother scolded her for that, but it couldn't make her disappointed .The good deeds she did on that day had already conquered her heart. Before sleeping she thought about her day, the little bird and mother bird who smiled at her thankfully , the blind lady and the old man everything was filled her heart and mind. She said to herself " Today is the most memorable day of my whole life".**

**- Our good deeds make our day memorable, not our achievement.**

# FRIENDSHIP

**Friendship is one of the most precious gifts to life. A person who has true friends in life is lucky enough. Friendship makes life thrilling. It makes life sweet and pleasant experience. Friendship is indeed, an asset in life. It can lead us to success or to doom. It all depends on how we choose our friends.**

**True friendship is a feeling of love, sharing and caring. It is a feeling that someone understands and appreciates you as you are without any ex aggregation, flattery and retentions. It gives a feeling that you are 'wanted' and that you are 'someone' and not a faceless being in a crowd. A true friend stands by you through thick and thin. True friendship knows no boundaries or demarcations.**

**Friendship is both good and necessary. Man cannot live all alone. He is a social bng. He needs someone to share his joys and sorrows. Generally, it is only the people of the same age, character and background, mentality etc. who can understand him and his problems . Friends are needed for support and for sharing. Friendship is an elixir which is essential for a happy life.**

**They are needed to turn to when one is in trouble, and facing difficulties. According to the great Roman Statesman Cicero " Friendship increases happiness and diminishes misery by doubling our joy and dividing our grief." Friends**

**are needed in every stage of life. Friendship has no age limit. Every group of people- children, youth, elders, very elderly people, etc. have their friends. However, it is better to have friends of the same age group and cultural backgrounds.**

**We need to select our friends very carefully. We have to remember the maxim, "All that glitters is not gold." In the same manner, we must not be moved by apparent show of friendship. Many remain with us in the guise of good friends and lead us to the wrong path. Today, many youngsters have become a social nuisance mainly due to wrong company and bad friends.**

**We spent much of our time with our friends. Their mental outlook, behaviour, attitudes affect us too. Therefore, we have to choose our friends very carefully. We have to distinguish between fair- unfair friends. True friends remain with us through thick and thin while fair-weather friends are found only during sunny days.**

**Lasting friendship is indeed, a blessing. Good friends are great pillars of life. They help us to stand tall and erect in life. Friendship can make or break us. It can lead to good careers and proper living. It does not matter how often you meet your friends, but how much you are and feel for another in good times as well as in bad times. True friendship is a great asset in life and it is never ending.**

NEERAJA
SREELAKSHMI
IX-A

# A RAINY DAY

Rain is a blessing for mankind. This year summer season was unduly long and extremely hot. It was June, the schools had reopened. The scorching sun and the extreme heat had made life unbearable. Rain became a late comer. One morning, clouds gathered in the sky. There were vivid flashes of lighting. Suddenly it started raining. There was a downpour for a short while but soon it turned to a steady raining. It was time for school. So, we took our umbrellas and set out.

It was refreshing to go out in the cool air. Everyone and everything looked fresh. The trees looked green. The sound of falling rain was pleasing to the ears. No one cared the inconvenience of wet umbrellas, soaking shoes and wet clothes.

The plight of bus travellers was of course pitiable. Buses were late and overcrowded. It may be quite pleasant to take a brisk walk in the rain, nobody likes standing in the queue in wet cloths with the drops from other persons' umbrellas dropping down the back with cold clammy frequency.

The street urchins were having a great time playing in the streets, floating boats on the sides of the roads where water

**was flowing fast. I wished i could join them.**

**In the class, very few students were attentive. Almost everybody was looking out and watching rain every now then. Primary class children were playing with boars in the ground. We gathered there. Our school ground and the main road had ankle deep muddy water. The drainage system was choked. We thought that all low lying areas surely would have knee deep water.**

**There was no light and fans in our class because the electricity line was destroyed in the lightning. There were so many wet umbrellas in our class verandah and all our shoes were wet by the dripping water from it. It was very difficult for teachers to take class in the dark classroom. So, there was no class and all the children were watching the rain. Suddenly we saw a horrible scene. Lightning hit the almond tree in our school ground. Some children started to make many sounds. Teachers came to them and shouted.**

**Though it became evening, the rain didn't stopped. It was really a cooling experience for us to walk through the flowing rain water. It is exhilarating to watch pouring rain and to run about it. But soon we were happy to return home and change wet clothes.**

*NEERAJA. N. NAMBOODIRI*

*SREELAKSHMI. P*

*IX-A*

# THE GREAT MERCHANT

ONCE THERE LIVED A MERCHANT. HIS NAME WAS PETER. HE LIVED IN THE VILLAGE OF GREENLAND. HE ALWAYS MAKE OTHERS HAPPY. HE TOLD THE PUPPETS THAT HE MADE BY HIMSELF. THE PEOPLE LIVED IN THE VILLAGE LOVED HIS PUPPETS. ONE DAY A CHILD NAMED JOHN CAME TO HIS SHOP. BUT THE PUPPETS WERE SOLD AND THE SHOP WAS EMPTY. THIS MADE THE GIRL NAMED MARIA BECOME VERY SAD.

NEXT MORNING WHEN SHE WENT THERE SHE SAW A BEAUTIFUL CLOTH. BUT IT'S PRICE WAS HIGH. IN HER HANDS SHE ONLY 5 DUCATS, TO BUY THE DOLLY SHE MUST GAVE TEN DUCATS. THE KIND MERCHANT SOLD THE DOLL TO JOHN AT THREE DUCTS. THIS MADE HER VERY HAPPY. SHE WENT TO HER HOUSE WITH THE DOLL HAPPY. WHILE SHE WAS LYING ON HER BED SHE DREAMED THE MERCHANT AND SLOWLY FELT ON SLEEP. SHE DREAMED AND DREAMED...... ONE DAY SHE WILL GIVE PUPPET TO THE MERCHANT THAT MADE BY HERSELF.... ONE DAY... SHE MUST..

-mithra nandan pk

8-A

# TALENTS

**Once there lived a kid, her name was Lisa. She loves to dance like a fairytale. But her mother didn't like that and she always opposed it. Her mother always scolded her for dancing. This hurts her very much. One day she participated in a talent show without asking her mother. She talented very nicely, and it was outstanding. She became very famous and she became the Queen of dancer. Seeing this her mother felt grief. Her mother realize her mistake and she hugged Lisa and said:"I LOVE YOU MY DEAR" Sorry for my mistake." Lisa felt very happy at that moment.**

**AJWA. K**

**8th. A**

# LITTLE KITES



# 2019-21

## Batch

# നന്ദി

KITES OF GEM എന്ന ഡിജിറ്റൽ മാഗസിന് ഒരുപാട് കുട്ടികളുടെ പ്രയത്നവും പരിശ്രമവുമുണ്ട്.അതിന്റെ തെളിവ് ഈ മാഗസിനിലൂടെ തന്നെ ദൃ ശ്യമാവുന്നതാണ്.ചെറിയ കുട്ടികൾ മുതൽ മുതിർന്നരുടെ എല്ലാ വിധ സഹായ സഹകരണങ്ങളുമാണ് ഇതിൽ നിറഞ്ഞിട്ടുള്ളത്. നിരവധി അദ്ധ്യാപകരുടെ അധ്വാനത്തിന്റെ വിയർപ്പിന്റെ ഗന്ധമാണ് ഇവിടെ നമ്മുക്ക് കാണാൻ കഴിയുന്നത്.അതോടൊപ്പം തന്നെ കൂറെ മാതാപിതാക്കളും ഇതുമായി ..സഹകരിച്ച എല്ലാവര്ക്കും നന്ദി

**-BY LITTLE KITES**

# EDITORIAL BOARD

CHIEF EDITOR-Sr LOOSY K.V

STAFF EDITOR-Sr JERINA
Sr KARUNA

STUDENT EDITOR- AMNA V

## EDITORS

RIDA RAFEEQUE
SUHANA P.K
ANANYA RAVI
SHAHNA SHERIN
FATHIMA YUMNA
FATHIMA RASHA
RIYA.V
NIDHA C.H
SEETHALAKSHMI
ANVIYA SHIJU
NIRANJANA K
NANDANA JAYAN
MARIA EVANJELINA JASMINE
SHANIYA P SEBASTIAN

SANIYA BIJU

RISANA SHERIN

SHAJEEHA

BHAVANA.B

DIVYA JOSEPH

HIBA FATHIMA.E.K

SREELAKSHMI.P

NANDHANA.A

NEERAJA N NAMBOODIRI

# THANK YOU

Kerala Infrastructure and Technology for Education
Presents